# അറിയുക
# ബാങ്കിലും ബാങ്കിംഗ് ഓംബുഡ്സ്മാനിലും നിങ്ങളുടെ പരാതികൾ എങ്ങനെ സമർപ്പിക്കാമെന്ന്

സാമ്പത്തിക സാക്ഷരതാ വാരം
ജൂൺ 4-8, 2018

ഒരു ഇടപാടുകാരൻ എന്ന നിലയിൽ, നിങ്ങൾ ദൈനംദിന ബാങ്ക് ഇടപാടുകളിൽ, എടിഎമ്മിൽ പണം ഇല്ലാത്തതിനാൽ പണം പിൻവലിക്കാനാകാതെ വരൽ, മുൻകൂട്ടി അറിയിക്കാതെ വിവിധ ചാർജ്ജുകൾ ഈടാക്കൽ, ക്രെഡിറ്റ് കാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ പോലുള്ള അലോസരപ്പെടുത്തുന്ന അസൗകര്യങ്ങൾ നേരിടുമ്പോൾ, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിങ്ങളുടെ ബാങ്ക് അധികാരികളുമായി ബന്ധപ്പെടുക. എന്നിട്ടും പരിഹരിക്കപ്പെട്ടില്ലെങ്കിൽ, പരാതികൾ പരിഹരിക്കപ്പെടുന്നതിനായി താഴെ പറയുന്ന നടപടി ക്രമങ്ങൾ പിന്തുടരുക.




## ബാങ്കുകൾക്കുള്ള പരാതികൾ

1. നിങ്ങളുടെ ബാങ്ക് ശാഖയിലുള്ള പരാതിപ്പുസ്തകത്തിൽ നിങ്ങളുടെ പരാതി രേഖപ്പെടുത്തുക. പരാതിപ്പുസ്തകം (രജിസ്റ്റർ) ലഭ്യമല്ലെങ്കിൽ, അത് ആവശ്യപ്പെടുകയോ, ബാങ്കിന്റെ വെബ്സൈറ്റിൽ ഓൺലൈനായി പരാതി സമർപ്പിക്കുകയോ ചെയ്യുക.

2. പരാതി തീർപ്പാക്കുന്നതിനായി ബന്ധപ്പെടാവുന്ന അധികാരികളുടെ പേരുകൾ ബാങ്ക് ശാഖയിൽ പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ അവ ചോദിച്ചറിയുക. പരാതികൾ പരിഹരിക്കുന്നതിനായി ബാങ്കുകൾക്ക് പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഒരു അധികാരിയുണ്ട്.

## ബാങ്കിംഗ് ഓംബുഡ്സ്മാനുള്ള (ബിഒ) പരാതികൾ

3. നിങ്ങളുടെ ബാങ്ക് ഒരു മാസത്തിനകം പരാതി പരിഹരിക്കുന്നില്ലെങ്കിൽ, ആർബിഐയുടെ ബാങ്കിംഗ് ഓംബുഡ്മാനെ സമീപിക്കുക. ആർബിഐയുടെ ബാങ്കിംഗ് ഓംബുഡ്സ്മാൻ സ്കീം വേഗത്തിലും ഫലപ്രദമായും സൗജന്യമായും നിങ്ങളുടെ പരാതി പരിഹരിക്കുന്നു. ബാങ്കിംഗ് ഓംബുഡ്സ്മാൻ ബാങ്കിംഗ് സേവനത്തിലെ നിരവധി അപര്യാപ്തതകൾക്ക് പരിഹാരം കാണുന്നു.

4. ഓൺലൈനിൽ പരാതി സമർപ്പിക്കുന്നതിന് https://bankingombudsman.rbi.org.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് "കംപ്ലയിന്റ് ഫോറം" (പരാതി ഫോറം) എന്നതിൽ ക്ലിക് ചെയ്യുക. കടലാസിൽ പരാതി സമർപ്പിക്കുന്നതിന്, ബാങ്കിംഗ് ഓംബുഡ്സ്മാൻ സ്കീം നൽകുന്ന പരാതി ഫോറം ഉപയോഗിക്കുന്നതാണ് ഉത്തമം. ഓംബുഡ്സ്മാന്റെ പ്രവർത്തന സമ്പ്രദായം, അധികാരപരിധി, വിലാസങ്ങൾ മുതലായവ https://bankingombudsman.rbi.org.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക
https://bankingombudsman.rbi.org.in

Design: Anupam Sharma03/18-03

സാമ്പത്തിക സാക്ഷരത • സമൃദ്ധിയിലേക്കുള്ള പാത

**ബിഒ**

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
www.rbi.org.in